**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - ഹെഡ് ക്ലർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ വിരമിച്ച ശ്രീ.ആർ.രവികുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ(ഇകെഎം) 2763/2017 കേസിൽ 28.11.2017 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.2959/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 21.11.2018

---

പരാമർശം : 1. കൽപ്പറ്റ നഗരസഭാസെക്രട്ടറിയുടെ 16.11.2007, 01.03.2018 തീയതികളിലെ ജി2-11541/04 നമ്പർ ഉത്തരവുകൾ

2. ശ്രീ.ആർ.രവികുമാർ സർക്കാരിൽ സമർപ്പിച്ച 02.11.2017 തീയതിയിലെ നിവേദനം.(അനക്ഷർ എ 10)

3. ശ്രീ.ആർ.രവികുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒഎ (ഇകെഎം) 2763/2017 കേസിൽ 28.11.2017 തീയതിയിലെ വിധിന്യായം

4. നഗരകാര്യഡയറക്ടറുടെ 13.03.2018 തീയതിയിലെ വി2-1580/2018 നമ്പർ കത്ത്.

## ഉത്തരവ്

മഞ്ചേരി നഗരസഭയിൽ നിന്ന് റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ 2007 ൽ വിരമിച്ച തന്റെ ശൂന്യവേതനാവധികാലയളവ് ക്രമീകരിക്കുന്നതിൽ, കൽപ്പറ്റ നഗരസഭാ സെക്രട്ടറിയുടെ ഉത്തരവിലെ നിർദ്ദേശപ്രകാരം, സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന ആവശ്യവുമായി ശ്രീ.ആർ.രവികുമാർ-ന് പരാമർശം 2 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ശ്രീ.ആർ.രവികുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ (ഇകെഎം) 2763/2017 നമ്പർ കേസിന്മേൽ 28.11.2017 ൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ശ്രീ.ആർ.രവികുമാർ സർക്കാരിൽ സമർപ്പിച്ച അനക്സർ എ 10 നിവേദനം പരിഗണിച്ച് അപേക്ഷകനെ നേരിൽക്കേട്ട് 4 മാസത്തിനകം ഉത്തരവു പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 15.02.2018 ന് ശ്രീ.ആർ.രവികുമാറിന് വേണ്ടി ഹാജരായ അഡ്വക്കേറ്റിനെ നേരിൽ കേട്ടിരുന്നു. നേരിൽക്കേട്ട സമയത്തെ വാദങ്ങൾപ്രകാരം, കല്പറ്റ മുനിസിപ്പാലിറ്റിയിൽ ശ്രീ.ആർ.രവികുമാർ ഹെഡ് ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ 22.05.2006 ൽ സസ്പെൻഷനിലാവുകയും പിന്നീട് സർവീസിൽ തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കല്പറ്റ മുൻസിപ്പാലിറ്റിയിൽ 09.06.2004 മുതൽ 02.08.2006 വരെയുള്ള കാലയളവിനിടെ 258 ദിവസം അനധികൃത ഹാജരില്ലായ്മയും തുടർന്ന് 22.5.2006 മുതൽ 2.8.2006 വരെ സസ്പെൻഷനുമായിരുന്നു. കല്പറ്റ മുനിസിപ്പൽ സെക്രട്ടറിയുടെ 16.11.2007 ലെ ജി2.11541/04 ഉത്തരവു പ്രകാരം ടിയാന്റെ അനധികൃത ഹാജരില്ലായ്മ കാലയളവും സസ്പെൻഷൻ കാലയളവും ക്രമീകരിക്കുമ്പോൾ നിവേദകന് 10.08.2004 പ്രാബല്യത്തിൽ 23 വർഷത്തെ ഗ്രേഡും 26 വർഷത്തെ യോഗ്യ സേവനകാലവും ലഭിയ്ക്കുമെന്നതിനാൽ അതനുസരിച്ചുള്ള ഉത്തരവുണ്ടാകണമെന്നുമുള്ള വാദങ്ങൾ ഉന്നയിയ്ക്കുകയുണ്ടായി.

3. ഇക്കാര്യത്തിലുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കല്പറ്റ നഗരസഭയിൽ ഹെഡ് ക്ലർക്കായിരുന്ന ശ്രീ.ആർ.രവികുമാർ 09.06.2004 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനാൽ ടിയാനെ 22.05.2006 ൽ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തിരുന്നതായും തുടർന്ന് 03.08.2006 ൽ സർവ്വീസിൽ പുനപ്രവേശിപ്പിച്ചതായും അനധികൃതമായി ഹാജരാകാത്ത ദിവസങ്ങളും സസ്പെൻഷൻ കാലയളവും ഉൾപ്പടെയുള്ള 331 ദിവസങ്ങളിൽ, 57 ദിവസം അർദ്ധ വേതന അവധിയായും 57 ദിവസം ആർജിത അവധിയായും ക്രമീകരിച്ചുകൊണ്ട് കല്പറ്റ നഗരസഭ സെക്രട്ടറി 16.11.2007, 01.03.2018 തീയതികളിൽ ഉത്തരവ് പുറപ്പെടുവിക്കുകയും അത് കഴിഞ്ഞ് ബാക്കിയുള്ള 217 ദിവസത്തെ അപേക്ഷകന്റെ സർവീസിലെ അഭാവം ശൂന്യ വേതന അവധിയായി സർക്കാർ അനുവദിയ്ക്കണമെന്ന് റിപ്പോർട്ട് ചെയ്യുകയുമുണ്ടായത് എന്ന് നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം സർക്കാർ ഇക്കാര്യം, പരാതികക്ഷിക്കുവേണ്ടി ഹാജരായ അഡ്വക്കേറ്റിന്റെ വാദങ്ങളുടേയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും ബന്ധപ്പെട്ട ചട്ടങ്ങളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അതിൻപ്രകാരം ശ്രീ.ആർ.രവികുമാർ 30/06/2007 ൽ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിലും, അനധികൃത ഹാജരില്ലായ്മയ്ക്ക് ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ തീർപ്പാക്കിയിട്ടുള്ളതിനാലും 217 ദിവസത്തെ അപേക്ഷകന്റെ സർവ്വീസിലെ അഭാവം ചുവടേ പറയുന്ന രീതിയിൽ ക്രമീകരിച്ച് ഉത്തരവാകുന്നു.

22.5.2006 മുതൽ 02.08.2006 വരെയുള്ള സസ്പെൻഷൻ കാലയളവായ 73 ദിവസം ശമ്പളമൊഴികെ എല്ലാകാര്യങ്ങൾക്കും ഡ്യൂട്ടിയായി പരിഗണിച്ചും,

144 ദിവസത്തെ അനധികൃത ഹാജരില്ലായ്മ കാലയളവ്, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിലും കെ.എസ്.ആർ ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിക്കുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, എറണാകുളം( ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.

ശ്രീ.ആർ.രവികുമാർ, റിട്ട. ഹെഡ് ക്ലർക്ക്/റവന്യൂ ഇൻസ്പെക്ടർ, കൽപ്പറ്റ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, കൽപ്പറ്റ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ